**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1387** **30-08-2022 - ൽ മറുപടിയ്ക്ക്**

**മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ പുതിയ കെട്ടിട്ടം നിർമാണം പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞെങ്കിലും പ്രസ്തുത കെട്ടിട്ടത്തിൽ കുട്ടികളെ പഠിപ്പിക്കുവാൻ സാധിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കിഫ്ബി ഫണ്ടിൽ നിന്നും 5 കോടിയിൽ നിർമ്മിച്ച ടി സ്കൂൾ കെട്ടിടം 31/05/2022-ന് ഉദ്ഘാടനം കഴിഞ്ഞെങ്കിലും ടി കെട്ടിട റൂമുകൾക്ക് കെ.ഇ.ആർ പ്രകാരം ആവശ്യമുള്ള അളവുകൾ ഇല്ലാത്തതിനാൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ബിൽഡിംഗ് ഫിറ്റ്നസ് ലഭ്യമാകാത്തതിനാലാണ് പ്രസ്തുത കെട്ടിടത്തിൽ കുട്ടികളെ പഠിപ്പിക്കാൻ സാധിക്കാത്തത്.**<br><br>**വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനും, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ / ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുണ്ട്. 27/07/2022-ന് ടി സർട്ടിഫിക്കറ്റ് ലഭിക്കുകയും ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ബിൽഡിംഗ് ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. സർട്ടിഫിക്കറ്റ് സംബന്ധമായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | **കിഫ്ബി ഫണ്ടിൽ നിന്നും 5 കോടിയിൽ നിർമ്മിച്ച ടി സ്കൂൾ കെട്ടിടം 31/05/2022-ന് ഉദ്ഘാടനം കഴിഞ്ഞെങ്കിലും ടി കെട്ടിട റൂമുകൾക്ക് കെ.ഇ.ആർ പ്രകാരം ആവശ്യമുള്ള അളവുകൾ ഇല്ലാത്തതിനാൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ബിൽഡിംഗ് ഫിറ്റ്നസ് ലഭ്യമാകാത്തതിനാലാണ് പ്രസ്തുത കെട്ടിടത്തിൽ കുട്ടികളെ പഠിപ്പിക്കാൻ സാധിക്കാത്തത്.**<br><br>**വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനും, മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ / ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുണ്ട്. 27/07/2022-ന് ടി സർട്ടിഫിക്കറ്റ് ലഭിക്കുകയും ബ്ലോക്ക്** |

| | | | |
|---|---|---|---|
| | | | **പഞ്ചായത്തിലേയ്ക്ക് ബിൽഡിംഗ് ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. സർട്ടിഫിക്കറ്റ് സംബന്ധമായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ